**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ശ്രീ. മരിയ ജോസഫ് വി.ഡി, റിട്ടയേർഡ് വാട്ടർ മീറ്റർ റീഡർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A 558/2016 നമ്പർ കേസ്സിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ (സാധാ) നം. **3384**/2016/തസ്വഭവ    തീയതി,തിരുവനന്തപുരം, **13.12.2016**

---

പരാമർശം : 1) OA 558/2016 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.04.2016 ലെ വിധിന്യായം.

2) സ.ഉ (ആർ.റ്റി) നമ്പർ 2609/98/തസ്വഭവ തീയതി. 18.08.1998.

## <u>ഉത്തരവ്</u>

ഏലൂർ ഗ്രാമപഞ്ചായത്തിലെ സേവനത്തിൽ നിന്നും വിരമിച്ച വാട്ടർ മീറ്റർ റീഡർ ശ്രീ. മരിയ ജോസഫ് വി.ഡി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A 558/2016 നമ്പർ കേസ്സിന്മേലുള്ള 04.04.2016 ലെ ഉത്തരവിൽ ഒന്നാം കക്ഷിയായ സർക്കാർ മുമ്പാകെ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അനക്സർ എ 1 നിവേദനം പരിശോധിച്ച് പരാതിക്കാരനെ നേരിൽ കേട്ട ശേഷം 4 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

അനക്സർ എ 1 എന്നത് അപേക്ഷകൻ 20.03.2015 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച നിവേദനമാണ്. ടിയാൾക്ക് 22.03.1985 മുതൽ മുൻകാല പ്രാബല്യത്തോടെ പൂൺ തസ്തികയിലെ ശമ്പളം പുനർനിർണ്ണയിച്ച് അതിനനുസൃതമായി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകണമെന്നും പെൻഷൻ പുനർനിർണ്ണയിക്കമെന്നും പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേട്ടു.

ശ്രീ. മരിയ ജോസഫ് വി.ഡി പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം വാട്ടർ മീറ്റർ റീഡറായി 26.04.1984 ൽ നിയമിക്കപ്പെട്ടുകയും 22.03.1985 മുതൽ ഫുൾടൈം വാട്ടർ മീറ്റർ റീഡറായി ജോലി ചെയ്യുകയും ചെയ്തിരുന്നു. 01.04.1990 മുതൽ ഏലൂർ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കി മാറ്റുകയും ശ്രീ. മരിയ ജോസഫ് വി.ഡി യുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ടിയാനെ മുനിസിപ്പാലിറ്റിയിൽ മീറ്റർ റീഡറാക്കുകയും ചെയ്തു. സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിന്റെ ചുമതല ഗ്രാമപഞ്ചായത്തുകളിൽ നിന്നും കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാട്ടർ മീറ്റർ തസ്തിക ഇല്ലാതായിട്ടുണ്ട്. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ വാട്ടർമീറ്റർ തസ്തിക ഇല്ലാതാകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വാട്ടർമീറ്റർ റീഡർമാരെ കേരള വാട്ടർ അതോറിറ്റി ഓപ്ഷൻ നൽകി ഏറ്റെടുക്കുകയുമുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. മരിയ ജോസഫിനെ മുനിസിപ്പൽ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏലൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് വിടുതൽ ചെയ്ത് വാട്ടർ അതോറിറ്റിയിലേയ്ക്ക് വിടുകയുണ്ടായി. എന്നാൽ വാട്ടർ അതോറിറ്റി ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കാതിരുന്നതിനാൽ ഏലൂർ മുനിസിപ്പാലിറ്റിയിൽ തന്നെ ശ്രീ. മരിയ ജോസഫ് വി.ഡി തുടർന്നും ജോലി ചെയ്തു വരവെ ഏലൂർ മുനിസിപ്പാലിറ്റി വീണ്ടും ഗ്രാമപഞ്ചായത്ത് ആകുകയും ശ്രീ. മരിയ ജോസഫ് പഞ്ചായത്ത് വകുപ്പിൽ തന്നെ തുടരുകയും ചെയ്തു.

ഏലൂർ ഗ്രാമപഞ്ചായത്തിന്റെ 06.05.1996-ലെ 13-ാം നമ്പർ തീരുമാന പ്രകാരം ശ്രീ. മരിയ ജോസഫ് വി.ഡി യ്ക്ക് അനുയോജ്യമായ മറ്റു തസ്തിക അനുവദിക്കണമെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് അഭ്യർത്ഥന നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. മരിയ ജോസഫിനെ പ്യൂൺ തസ്തികയിലേയ്ക്ക് മാറ്റി നിയമനം നൽകുവാൻ അനുവാദം നൽകിയിട്ടുള്ളതാണ്. എന്നാൽ 24.10.1998 ൽ ശ്രീ. മരിയ ജോസഫ് ടിയാളെ ഫുൾടൈം വാട്ടർമീറ്റർ റീഡറായി പ്രമോട്ട് ചെയ്ത 22.03.1985 മുതൽ മുൻകാല പ്രാബല്യത്തിൽ പ്യൂൺ തസ്തിക നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ഹർജി ബഹു. ഹൈക്കോടതി നിരസിക്കുകയുണ്ടായി. ഇതേ തുടർന്ന് ശ്രീ. മരിയ ജോസഫ് അപ്പീൽ പെറ്റീഷൻ 1039/2005 ഫയൽ ചെയ്തിട്ടുള്ളതും

ആയതിന്മേൽ ബഹു. കേരള ഹൈക്കോടതി 06.04.2009 ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം ശ്രീ. മരിയ ജോസഫ് 1998 മുതൽ മാത്രമാണ് പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നത് എന്നത് വ്യക്തമാണ്. അതിനുമുമ്പുള്ള ടിയാന്റെ സേവനക്കാലം കണ്ടിജന്റ് തസ്തികയിൽ ആയതിനാൽ 2001-ൽ വിരമിച്ച ശ്രീ. മരിയ ജോസഫിന് സബോർഡിനേറ്റ് സർവ്വീസിൽ കേവലം 3 വർഷം മാത്രമാണ് സേവന കാലാവധി ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കണ്ടിജന്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് സമയബന്ധിത ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ശ്രീ. മരിയ ജോസഫ്. വി.ഡി, ടിയാൾക്ക് 22.03.1985 മുതൽ മുൻകാല പ്രാബല്യത്തിൽ പ്യൂൺ തസ്തിക നൽകി ശമ്പളവും ആനുകൂല്യങ്ങളും പുനർനിർണ്ണയിക്കണമെന്നും അതിനനുസൃതമായി പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കണമെന്നുമുള്ള അനക്സർ എ 1 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

O.A നമ്പർ 558/2016 അന്യായത്തിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.04.2016 ലെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. മരിയ ജോസഫ് വി.ഡി, വാട്ടർ മീറ്റർ റീഡർ (റിട്ടയേർഡ്) ഏലൂർ പഞ്ചായത്ത്, വടശ്ശേരി വീട്, ഏലൂർ സൗത്ത്, ഉദ്യോഗമണ്ഡൽ. പി.ഒ, എറണാകുളം ജില്ല – 683 501.
അഡ്വക്കേറ്റ് ജനറൽ, കേരള, വഞ്ചിയൂർ, തിരുവനന്തപുരം 695 035 (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, ഏലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. 95/ഇപിഎ 2/2016/തസ്വഭവ) / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ